2589375/E2/18/TD

# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 18.06.2018-ൽ |
| ചോദ്യം നമ്പർ 2712 | മറുപടിക്ക് |

**മുദ്രപ്പത്രങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതായ പരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മൂല്യം കുറഞ്ഞ മുദ്രപ്പത്രങ്ങളുടെ വിതരണത്തിൽ അപ്രഖ്യാപിത നിയന്ത്രണം ഏർപ്പെടുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വിവിധ ആവശ്യങ്ങൾക്കായി മൂല്യം കുറഞ്ഞ മുദ്രപത്രങ്ങൾക്ക് പകരം പതിന്മടങ്ങ് മൂല്യം കൂടിയ മുദ്രപത്രങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ; | ബി) 50/- 100/- രൂപയുടെ നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി മുദ്രപത്ര ക്ഷാമം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50/-, 100/- രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 50/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും, 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ |

100/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി/സ്റ്റാമ്പ് ഡിപ്പോ കളിൽ പുനർമൂല്യനിർണ്ണയം ചെയ്ത 50/- രൂപയുടെയും 100/- രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ സബ്ട്രഷറികൾ ക്കും, വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിച്ച മുദ്രപത്ര ങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവന ന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവ പ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

| | |
|---|---|
| സി) മുദ്രപ്പത്രങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതായ പരാതി പരിശോധിച്ച് കുറ്റക്കാർക്കെ തിരെ നടപടി സ്വീകരിക്കുമോ? | സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ